(6) കോതമംഗലം

(ജി) ഈ പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാർ പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുമെന്ന് അറിയിച്ചിരിക്കുകയാണ്. ആയതു ലഭ്യമായ ശേഷം ഇതു സംബന്ധിച്ച് തീരുമാനമെടുക്കും.

ലക്ഷംവീട് കോളനികൾ

7 (*477)ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലക്ഷംവീടുകളുകളെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്ത് ലക്ഷംവീട് പദ്ധതിപ്രകാരം എത്ര വീടുകൾ നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ലക്ഷം വീട് കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഇ) ലക്ഷംവീട് ഇരിക്കുന്ന സ്ഥലത്തിന് കൈവശരേഖ നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ലക്ഷംവീടുകളുടെ പുനരുദ്ധാരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായാ സമഗ്രമായ പദ്ധതിക്ക് രൂപം നൽകുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ) സർക്കാർ തലത്തിൽ പ്രത്യേക പദ്ധതികൾ നിലവിലില്ല.

(ബി) ബാധകമല്ല.

(സി) 56,677 വീടുകൾ

(ഡി) ലക്ഷംവീടുകളിൽ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ലഭിക്കുന്ന പ്ളാൻ ഫണ്ട് ഉപയോഗിച്ച് പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്.

(ഇ) ലക്ഷംവീട് ഇരിക്കുന്ന സ്ഥലത്ത് ആദ്യം അനുവദിക്കപ്പെട്ട ആൾക്ക് കൈവശരേഖ പഞ്ചായത്തുകൾ നൽകിയിട്ടുണ്ട്.

(എഫ്) ജനകീയാസൂത്രണ പ്രോജക്ടുകൾ മുഖേനയും മറ്റും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

വൻകിട വ്യവസായ സ്ഥാപനങ്ങൾ

8 (*478) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എളമരം കരീം :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അടുത്തുതന്നെ എതെങ്കിലും വൻകിട വ്യവസായ സ്ഥാപനങ്ങൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ബി) സ്വകാര്യ മേഖല, പൊതുമേഖല, സഹകരണ മേഖല എന്നിവയിൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന വ്യവസായങ്ങൾ ഏതെല്ലാം; ഇവ എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇവയിൽ വിദേശസഹായത്തോടു കൂടിയുള്ള വ്യവസായങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഇവയിൽ സർക്കാരിൽ നിന്ന് കൂടുതൽ ധനസഹായം കമ്മീഷനിംഗിനു മുൻപ് ആവശ്യമായ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനങ്ങൾ ആവശ്യപ്പെട്ട ധനസഹായം എപ്രകാരം ലഭ്യമാക്കും എന്നു വിശദീകരിക്കുമോ

വ്യവസായവും സാമൂഹ്യക്ഷേമവവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ)

(എ) ഉണ്ട്. 12 സ്ഥാപനങ്ങൾ അടുത്തുതന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സ്വകാര്യ മേഖല

1) കുമരകം ലേക്ക് റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്-കോട്ടയം.
2) എം.പി. ബ്രൂവറീസ് ലിമിറ്റഡ്-പാലക്കാട്
3) പാലക്കാട് മെഡിക്കൽ ആന്റ് റിസർച്ച് സെന്റർ ലിമിറ്റഡ്-പാലക്കാട്
4) ടി ടെക്സ് പ്രോസസിംഗ് കോംപ്ലക്സ് ലിമിറ്റഡ് (റിവൈ)-പാലക്കാട്
5) ഫ്ളോട്ടൽസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ്-തിരുവനന്തപുരം
6) യെൻകേ കോംപ്ലക്സ് പ്രൈവറ്റ് ലിമിറ്റഡ്- എറണാകുളം
7) മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡ് -എറണാകുളം
8) കളരിക്കൽ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്-തൃശ്ശൂർ
9) ഇൻഡ്സോഫ്റ്റ് ഇൻഫോടെക് ടെക്നോ പാർക്ക്-തിരുവനന്തപുരം
10) ടൂൺസ് ഇൻഡ്യ-ടെക്നോപാർക്ക്-തിരുവനന്തപുരം
11) ഡേറ്റാവെയർ ഡിസൈൻസ് ലാബ്സ്-ടെക്നോപാർക്ക്-തിരുവനന്തപുരം
12) റബ്കോ (കിൻഫ്രാ തലശ്ശേരി പാർക്കിൽ)

മേൽപ്പറഞ്ഞ വ്യവസായങ്ങൾ എല്ലാം 1999-2000-ാം മാണ്ടിൽ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്.

1) റബ്കോ - തലശ്ശേരി (മലേഷ്യൻ സഹകരണം)

2) ഇൻഡ്സോഫ്റ്റ് ഇൻഫോടെക് ടെക്നോ പാർക്ക്-തിരുവനന്ത പുരം

3) ടൂൺസ് ഇൻഡ്യ-ടെക്നോപാർക്ക്-തിരുവനന്തപുരം

4) ഡേറ്റാ വെയർ ഡിസൈൻസ് ലാബ്സ്-ടെക്നോ പാർക്ക്-തിരുവനന്തപുരം

5) ഫ്ളോട്ടൽസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ്-തിരുവനന്തപുരം

6) യെൻകോ കോംപ്ലക്സ് പ്രൈവറ്റ് ലിമിറ്റഡ്- മലപ്പുറം.

7) മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡ്, എറണാകുളം.

(ഡി) സർക്കാരിൽ നിന്ന് ധനസഹായം ആവശ്യമില്ല.

(ഇ) ബാധകമല്ല.

ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

9(*479)ശ്രീ. എം. ദാസൻ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നേരിടുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടിക ളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസ് ലഭിക്കുന്നതിന് വളരെയേറെ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ;

(സി) ലൈസൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിന് ഏർപ്പെടുത്തിയ 'ഗ്രീൻചാനൽ' സമ്പ്രദായം ഇന്ന് നിലവി ലുണ്ടോ;

(ഇ) ഈ സമ്പ്രദായം ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ ആവശ്യ മായ നിർദ്ദേശം നൽകുമോ;

(എഫ്)ചെറുകിട വ്യവസായങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ)

(എ) ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രയാസങ്ങൾക്ക് എളുപ്പ ത്തിൽ പരിഹാരം കാണുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രം ആസ്ഥാന മായി ഗ്രീൻ ചാനൽ ക്ലിയറൻസ് കമ്മിറ്റി എന്ന പേരിൽ ഒരു ഏകജാലക സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ വ്യവസായം ആരംഭിക്കുവാൻ ആവശ്യമായ ലൈസൻസുകൾ, ക്ലിയറൻസുകൾ എന്നിവ എളുപ്പത്തിൽ വ്യവ സായികൾക്ക് ലഭ്യമാക്കുന്നു. ഗ്രീൻചാനൽ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly